The Heavenly Light Ministry

യേശുനായകാ പാപശാപനാശകാ
വീണ്ടെടുത്ത നിൻ ജനത്തിനാത്മ നായകാ
കണ്ടു ഞാനീ ദൈവസ്നേഹമീശൻ ക്രൂശിന്മേൽ
പണ്ടു ഞാനറിഞ്ഞതില്ലെന്നോർത്തു നീറുന്നേ
ഉണ്ടെനിക്കു നാടു മേലിലെന്നതോർക്കുമ്പോൾ
വേണ്ടെനിക്കു മിസ്രയീമിൻ നിക്ഷേപങ്ങളെ

നിൻ വരവിൻ ലക്ഷ്യങ്ങളുമെങ്ങും കാണുന്നേ
ജാതിജാതിയോടു പോരിന്നായുധങ്ങളാൽ
വ്യാധിമൂലം ഖേദിക്കുന്നീ മാനവരെല്ലാം
ക്ഷാമവും ഭൂകമ്പവും അവിടവിടെയായ്
അന്ത്യക്കാല സംഭവങ്ങളാലെ ഭൂവനം
മാരകായുധങ്ങളാലെ ലോകരാഷ്ട്രങ്ങൾ
സായുധസമരത്തിനായ് കളമൊരുങ്ങുന്നേ
കാന്തനേ നിൻ വരവിനെന്തു താമസിക്കുന്നു

വെള്ളി പൊന്നുമല്ലയെന്നെ വീണ്ടെടുത്തത്
നിസ്തുല നിണം കരുണയാൽ കഴുകയാൽ
വസ്തുതകൾ വർണ്ണ്യമല്ല എന്റെ നാവിനാൽ
കർത്തൻ ക്രൂശിൽ നിർവ്വഹിച്ച ദൈവനിർണ്ണയം
കണ്ണുകണ്ടിട്ടില്ല വിണ്ണിൻ ഭാവിരൂപങ്ങൾ
കേൾപ്പതില്ല സ്വർഗ്ഗ സീയോൺ ഇമ്പനാദങ്ങൾ
ഒന്നു ഞാനറിയുന്നു തൻ വാസമോർക്കുമ്പോൾ
മന്നിടം മറന്നു ഗാനമങ്ങു പാടുമേ.